# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7265 11.07.2014 ലെ മറുപടിയ്ക്ക്

## തൃക്കരിപ്പൂർ മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ വിദ്യാലയങ്ങൾക്ക് അസംബ്ലി ഹാൾ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങൾക്ക് അസംബ്ലിഹാൾ നിർമ്മിക്കുന്നതിന് ധനകാര്യ വകുപ്പ് മുഖേന പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തുപ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ പക്കൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) എം.എൽ.എ യിൽ നിന്നും ലഭിച്ച കത്ത് പ്രകാരം 10 സ്കൂളുകൾക്ക് ആകെ 120 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത സ്കൂളുകൾ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ കിലോമീറ്ററുകളോളം വ്യത്യാസത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നവയാണ്. ആയതിനാൽ പ്രസ്തുത പ്രവൃത്തി ഒറ്റ പ്രവൃത്തിയായി എസ്റ്റിമേറ്റ് എടുക്കുന്നതിനും, ടെണ്ടർ ചെയ്യുന്നതിനും ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ 25 ലക്ഷം രൂപയിൽ കുറയാതെയുള്ള ചെറു പ്രവൃത്തികളായി കാണിച്ച് പുതുക്കിയ കത്ത് വേണമെന്ന് എം.എൽ.എയുടെ ശ്രദ്ധയിൽ പ്പെടുത്തിയിരുന്നു. ഇതിൽ ഒരു തീരുമാനമാകാൻ കാലതാമസം നേരിട്ടതിനാലാണ് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് കഴിയാതെ വന്നത്. പ്രസ്തുത വിഷയത്തിൽ പുതിയ നിർദ്ദേശങ്ങൾ ഒന്നും തന്നെ എം.എൽ.എ.യുടെ ഭാഗത്ത് നിന്നും ലഭിക്കാത്ത സാഹചര്യത്തിൽ നേരത്തെ ലഭിച്ച കത്ത് പ്രകാരം പത്ത് സ്കൂളുകൾക്കായി അസംബ്ലിഹാൾ നിർമ്മിക്കുന്നതിനുള്ള 120 ലക്ഷം രൂപയുടെ ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) 2013-14 വർഷ പദ്ധതിയിൽ നടപ്പിലാക്കേണ്ട ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എപ്പോൾ സർക്കാരിലേക്ക് അയയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്ററിമേറ്റ് ഇരുപത് ദിവസത്തിനകം സർക്കാരിലേക്ക് ലഭ്യമാക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**